(ബി) പനയിലും, തെങ്ങിലും, കമുകിലും കയറുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കുവേണ്ടി ഒരു ക്ഷേമ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പദ്ധതിയുടെ കരടു രൂപം സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(സി) ഇക്കാര്യത്തിൽ സർക്കാർ അവസാന തീരുമാനം എടുത്തിട്ടില്ല.

(ഡി) ക്ഷേമപദ്ധതിയുടെ വിവിധ വശങ്ങളും പരിശോധനയിലാണ്. അതോടൊപ്പം ഈ നിർദ്ദേശവും പരിഗണിക്കാം.

(ഇ) ഇക്കാര്യം (ബി) വിഭാഗത്തിന്റെ മറുപടിയിൽ വിശദമാക്കിയിട്ടുണ്ട്.

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

* 494 [521] ശ്രീ. എ.എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും ചില വൻകിട വ്യവസായികളും വ്യവസായങ്ങളും തുടങ്ങുവാൻവേണ്ടി ഏറെടുക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ വൻകിട വ്യവസായികൾക്ക് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ മുറികൾ കൊടുക്കുന്നതു കാരണം ചെറുകിട വ്യവസായികൾക്ക് മുറികൾ കിട്ടാതിരിക്കുന്ന സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനായി, എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ.പി.എസ്. ശ്രീനിവാസൻ):

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

സ്വകാര്യ വനഭൂമി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം

* 495 [523] ശ്രീ. പി.ആർ. കുറുപ്പ്:

,, എൻ.ഐ. ദേവസ്സിക്കുട്ടി:

,, കെ. രാഘവൻ മാസ്റ്റർ:

,, ഈ. നാരായണൻ നായർ:

,, എം.പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഏറെടുത്ത സ്വകാര്യ വനഭൂമി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾക്കു സ്വകാര്യ വനഭൂമി നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ എത്ര ഹെക്ടർ?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

(എ) സ്വകാര്യ വനഭൂമി ഏറ്റെടുക്കുന്നതും പതിച്ചുകൊടുക്കുന്നതും സംബന്ധിച്ച ചട്ടങ്ങൾ 1974-ൽ അംഗീകരിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിൽ പറയുന്ന നടപടി ക്രമങ്ങളും മാനദണ്ഡങ്ങളും അനുസരിച്ചാണ് സ്വകാര്യ വനഭൂമി വിതരണം ചെയ്യുന്നത്.

(ബി) ഉണ്ട്.

(സി) സ്പെഷ്യൽ അഗ്രിക്കൾച്ചറൽ ഡവലപ്പ്മെൻറ് യൂണിറ്റിന് വിത്തളങ്ങൾ ഉണ്ടാക്കുന്നതിന് 500 ഹെക്ടർ.

കയർ സഹകരണ സംഘം പ്രവർത്തകരുടെ സെമിനാർ

* 496 [524] ശ്രീ. വി.കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴവച്ച് കഴിഞ്ഞ വർഷം നടന്ന കയർ സഹകരണ സംഘം പ്രവർത്തകരുടെ സെമിനാറിൽ അംഗീകരിച്ച തീരുമാനങ്ങൾ ഗവൺമെൻറിന് ബന്ധപ്പെട്ടവർ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ ആവശ്യങ്ങൾ എന്തെല്ലാം;

(സി) അതിൻമേൽ ഗവൺമെൻറ് എന്തെല്ലാം തീരുമാനങ്ങൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) സെമിനാറിൽ അംഗീകരിച്ച ആവശ്യങ്ങൾ അടങ്ങിയ ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.*

(സി) 1. കയർ സഹകരണസംഘങ്ങൾക്ക് ബാങ്കിൽ നിന്നും ലഭിക്കുന്ന വായ്പയുടെ പലിശ നിരക്ക് 1.7.1977 മുതൽ 5 ശതമാനത്തിൽ നിന്നും 4 ശതമാനമായും 1.3.1976 മുതൽ 3 ശതമാനമായും കുറച്ചിട്ടുണ്ട്.

2. കടബാദ്ധ്യത ഇല്ലാത്ത സ്ഥാവരജംഗമ സ്വത്തിൻറെയും, സ്റ്റോക്കിൻറെയും ഈടിൻമേൽ അവയുടെ വിലയുടെ 90 ശതമാനംവരെ വായ്പ ബാങ്കിൽ നിന്നും സംഘങ്ങൾക്ക് നൽകുന്നുണ്ട്.

3. കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിവുള്ള സഹകരണ സംഘങ്ങൾക്ക് ബാങ്കിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിന് ഈ സംഘങ്ങളെ മൂലധനനിക്ഷേപം വർദ്ധിപ്പിച്ച് അർഹരാക്കിയശേഷം മാത്രമേ, കടം വാങ്ങുന്നതിന് അനുവദിക്കുന്നുള്ളു.

4. പൊഴിയൂരും ചാന്നാങ്കരയും ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ച് തൊണ്ടിൻറെ കള്ളക്കടത്ത് തടയുന്നുണ്ട്.

5. ചകിരിയുടെ (തൊണ്ടിൻറെ) വില സമയാസമയങ്ങളിൽ ക്രിപ്തപ്പെടുത്തുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly